**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4786** **01-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലേക്കുള്ള റോഡുകള്‍ നന്നാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വിമാനദുരന്തത്തിന്റെ പശ്ചാത്തലത്തില്‍ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന വിവിധ റോഡുകള്‍ നന്നാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കോഴിക്കോട് വിമാനത്താവ ളത്തിലേക്കുള്ള നിരത്ത് വിഭാഗത്തിന് കീഴിലെ പ്രവൃത്തികളില്‍ ഇംപ്രൂവ്മെന്റ്സ് ഓഫ് കോഴിക്കോട് എയര്‍പോര്‍ട്ട് റോഡ് 0/000 മുതല്‍ 2/000 വരെ എന്ന പ്രവൃത്തി റോഡ് മെയിന്റനന്‍സ് വിംഗില്‍ മുന്‍ഗണനാ പട്ടികയില്‍ ഉള്‍പ്പെട്ടിട്ടുണ്ട്. ഇംപ്രൂവ്മെന്റ് വര്‍ക്ക് ടു വെട്ടുകാട് - ഒളവട്ടൂര്‍ - മുണ്ടുമുഴി റോഡ് കി.മി. 1/070 മുതല്‍ കിമീ. 7/820 വരെ എന്ന പ്രവൃത്തി 29.10.2021-ല്‍ ചേര്‍ന്ന എ.എസ് കമ്മറ്റി പരിഗണിച്ചിട്ടുണ്ട്, ടീച്ചര്‍ പടി - മുതുവല്ലൂര്‍ റോഡ് , വെട്ടുകാട് - ആലിന്‍ചുവട് - വലിയപറമ്പ് - ആലക്കാപറമ്പ് എന്നീ റോഡുകള്‍ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള റോഡുകളായ ആലക്കാപറമ്പ് - ചമ്മലപ്പറമ്പ് - തുറക്കല്‍ റോഡ്, മേലങ്ങാടി - എയര്‍പോര്‍ട്ട് റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കും ജില്ലാ പഞ്ചായത്തിനും 01/10/2021 തീയതിയില്‍ നിരത്ത് വിഭാഗം കത്ത് സമര്‍പ്പിച്ചിട്ടുണ്ട്. ആയവ കൈമാറിക്കിട്ടുന്ന മുറക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നല്‍കുന്ന വിഷയം പരിഗണിക്കാനാവൂ. ദേശീയ പാത 966-ല്‍ രാമനാട്ടുകര മുതല്‍ എയര്‍പോര്‍ട്ട് ജംഗ്ഷന്‍ വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഡിപിആര്‍ തയ്യാറാക്കുന്നതിനുള്ള ഇന്‍വെസ്റ്റിഗേഷന്‍ പ്രവൃത്തിക്കായി 33.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സര്‍ക്കാരില്‍ പരിശോധിച്ച് വരുന്നു. |
| (ബി) | വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതും അല്ലാത്തതുമായ ഏതെല്ലാം റോഡുകള്‍ | (ബി) | ഉണ്ട്. കോഴിക്കോട് വിമാനത്താവ ളത്തിലേക്കുള്ള നിരത്ത് വിഭാഗത്തിന് കീഴിലെ പ്രവൃത്തികളില്‍ ഇംപ്രൂവ്മെന്റ്സ് ഓഫ് കോഴിക്കോട് എയര്‍പോര്‍ട്ട് |

| | | | |
|---|---|---|---|
| | നന്നാക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അവ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ? | | റോഡ് 0/000 മുതൽ 2/000 വരെ എന്ന പ്രവൃത്തി റോഡ് മെയിന്റനൻസ് വിംഗിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇംപ്രൂവ്മെന്റ് വർക്ക് ടു വെട്ടുകാട് - ഒളവട്ടൂർ - മുണ്ടുമുഴി റോഡ് കി.മി. 1/070 മുതൽ കിമീ. 7/820 വരെ എന്ന പ്രവൃത്തി 29.10.2021-ൽ ചേർന്ന എ.എസ് കമ്മറ്റി പരിഗണിച്ചിട്ടുണ്ട്, ടീച്ചർ പടി - മുതുവല്ലൂർ റോഡ് , വെട്ടുകാട് - ആലിൻചുവട് - വലിയപറമ്പ് - ആലക്കാപറമ്പ് എന്നീ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള റോഡുകളായ ആലക്കാപറമ്പ് - ചമ്മലപ്പറമ്പ് - തുറക്കൽ റോഡ്, മേലങ്ങാടി - എയർപോർട്ട് റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കും ജില്ലാ പഞ്ചായത്തിനും 01/10/2021 തീയതിയിൽ നിരത്ത് വിഭാഗം കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയവ കൈമാറിക്കിട്ടുന്ന മുറക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കാനാവൂ. ദേശീയ പാത 966-ൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഡിപിആർ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 33.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ